(ബി) 2002-2003 അദ്ധ്യയന വർഷം കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി. എസ്. ഐ. മെഡിക്കൽ കോളേജിൽ 50 ശതമാനം സീറ്റുകളിൽ മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നൽകിയിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല.

പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം പാലിക്കാൻ നടപടി

121 (719) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവരണത്തിന്റെ പൂർണ്ണ വിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ സംവരണ വ്യവസ്ഥ പൂർണ്ണമായും എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കഴിഞ്ഞിട്ടില്ലെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് അത് നടപ്പിലാക്കാത്തതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് നേരെ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ/എയ്ഡഡ് കോളേജുകളിൽ അഖിലേന്ത്യാ ക്വാട്ട, ഭാരത സർക്കാർ നിർദ്ദേശിക്കുന്നവർക്കുള്ള സീറ്റുകൾ, സ്പെഷ്യൽ റിസർവേഷൻ സീറ്റുകൾ, എൻ. ആർ. ഐ. സീറ്റുകൾ, എയ്ഡഡ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകൾ എന്നീ വിഭാഗങ്ങളിൽ നീക്കിവച്ചിട്ടുള്ള സീറ്റുകൾ ഒഴികെ ബാക്കിയുള്ള സീറ്റുകൾ 2-5-1966-ലെ സർക്കാർ ഉത്തരവ് (പി) 206/66/എഡ്യൂ. പ്രകാരവും അതിന്റെ ഭേദഗതികൾ പ്രകാരവും മാൻഡേറ്ററി റിസർവേഷൻ തത്വമനുസരിച്ച് വിവിധ വിഭാഗങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ഇതനുസരിച്ച് ലഭ്യമായ സീറ്റുകളുടെ 50% സ്റ്റേറ്റ് മെറിറ്റ് വിഭാഗത്തിലും 15% പ്രാദേശിക വിഭാഗത്തിലും അനുവദിക്കുന്നു. ഈ 15% സീറ്റുകൾ തിരു-കൊച്ചി വിഭാഗത്തിനും മലബാർ വിഭാഗത്തിനും 8:5 എ. അനുപാതത്തിൽ അനുവദിക്കുന്നു. ഈഴവ വിഭാഗത്തിന് 9 ശതമാനവും മുസ്ലീം വിഭാഗത്തിന് 8 ശതമാനവും ആംഗ്ലോഇന്ത്യൻ ഒഴികെയുള്ള ലാറ്റിൻ കാത്തലിക് വിഭാഗത്തിന് 2 ശതമാനവും മറ്റ് പിന്നോക്ക ക്രിസ്ത്യൻ വിഭാഗത്തിന് ഒരു ശതമാനവും , മറ്റു പിന്നോക്ക ഹിന്ദു വിഭാഗങ്ങൾക്ക് 5 ശതമാനവും ഉൾപ്പെടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിന് (എസ്. ഇ. ബി. സി) 25% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിന് 8 ശതമാനവും പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്ക് 2 ശതമാനവും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിൽ 50 ശതമാനം സർക്കാർ സീറ്റുകളിൽ മേല്പ്പറഞ്ഞ സംവരണ വ്യവസ്ഥകൾ ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവേശന പരീക്ഷാ കമ്മീഷണർ പ്രവേശനം നൽകുന്ന സർക്കാർ സീറ്റുകളിൽ ഈ സംവരണ വ്യവസ്ഥ പൂർണ്ണമായും പാലിക്കുന്നുണ്ട്.

(സി&ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ നടപടി

122 (720) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഇതിനകം ആരംഭിച്ചു ;

(ബി) ഇനി എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അവ ഏതെല്ലാം സ്ഥലങ്ങളിൽ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ, സർക്കാർ-എയ്ഡഡ് മേഖല എന്നിവയിൽ ആകെ 14 കോളേജുകളും സ്വാശ്രയ മേഖലയിൽ 61 കോളേജുകളും ഇതിനകം ആരംഭിച്ചു.

(ബി) സർക്കാർ മേഖലയിൽ ഇനി എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ എ. ഐ. സി. റ്റി. യുടെ അനുമതിക്കു വിധേയമായി സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾ ആരംഭിക്കുവാൻ സർക്കാരിന് ഉദ്ദേശമുണ്ട്.

കഴിഞ്ഞ അദ്ധ്യയന വർഷം വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടായിരുന്ന സീറ്റുകൾ

123 (721) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അദ്ധ്യയന വർഷം വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടായിരുന്ന സീറ്റുകൾ നികത്തുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഏതൊക്കെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഏതെല്ലാം ബ്രാഞ്ചുകളിൽ എത്ര സീറ്റുകൾ വീതം ഒഴിവുണ്ടായിരുന്നു ;

(സി) കഴിഞ്ഞ വർഷത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ ഫീസ് നിരക്ക് എത്ര ?

(ഡി) ഈ വർഷത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥികൾ നൽകേണ്ട ഫീസ് നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കഴിഞ്ഞ അദ്ധ്യയന വർഷം വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിലുണ്ടായിരുന്ന സീറ്റുകൾ പൂർണ്ണമായി നികത്തുവാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly